# PRATHYASA

Bimonthly bulletin of Reserve Bank Retired Employees Association, Kochi
(Reg.No. ER 18/09) (E.mail: salamkm@sify.com)

C/o N.R.Pillai
"Aiswarya"
Kandekath Lane
Off Perumbotta Road
Kochi - 682 026

**Issue - 30**

Annual Subscription Rs.100/-, **September 2010**

**എഡിറ്റോറിയൽ:** ഏപ്രിൽ 2007 - ൽ "പ്രത്യാശ" പ്രസിദ്ധീകരണം തുടങ്ങിയപ്പോൾ ഇങ്ങിനെയൊരു പ്രസിദ്ധീകരണം അസ്സോസ്സിയേഷനല്ലേ നടത്തേണ്ടതെന്ന് ചിലർക്കെങ്കിലും അഭിപ്രായമുണ്ടായിരുന്നു. എങ്കിലും അക്കാലത്തെ സംഘടനാശേഷിയുടെ വെളിച്ചത്തിൽ ഇത് സാധിക്കുമായിരുന്നില്ല. എന്നാൽ സംഘടന ആരംഭിച്ച് നാലുവർഷം പിന്നിട്ടശേഷവും ഈ സ്ഥിതി തുടരുന്നത് അഭികാമ്യമല്ലെന്ന അഭിപ്രായം എഡിറ്റർക്കുള്ളതിനാൽ ഈ വർഷത്തെ പ്രഥമ കമ്മിറ്റിയോഗത്തിൽ തന്നെ "പ്രത്യാശ" പ്രസിദ്ധീകരണം ഇനി സംഘടന ഏറ്റെടുക്കണെമെന്ന ആശയം എഡിറ്റർ തന്നെ മുന്നോട്ട്വയ്ക്കുകയും കമ്മിറ്റി അതംഗീകരിക്കുകയുമാണുണ്ടായത്. അങ്ങിനെ RBREA യുടെ ഒരു പുതിയ കാൽവയ്പായി "പ്രത്യാശ" ഇതാ പുനർജനിക്കുന്നു. എന്നാൽ ഇത് നടത്തിക്കൊണ്ടുപോകുക എളുപ്പമല്ല. - ഭാരവാഹികളുടെ സഹായങ്ങൾക്കുപുറമേ ഓരോ വായനക്കാരന്റെയും സഹകരണവും സഹായവും പ്രതികരണവും ആവശ്യമാണ്. കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ വായനക്കാരിൽ നിന്ന് ലഭിച്ച പ്രതികരണങ്ങൾ നാമമാത്രമാണ്. മാത്രമല്ല സംഭാവനകളുടെ കാര്യത്തിലും ചിലർ അവിശ്വസനീയമായ തുകകൾ തന്ന് പ്രോത്സാഹിപ്പിച്ചെങ്കിലും (അവർക്ക് നന്ദി) മറ്റുചിലർ കൃത്യമായി തുകകൾ അയച്ചുതരാറില്ല. ഈ സ്ഥിതി മാറി കൃത്യമായി വരിസംഖ്യ നൽകുകയും നമ്മുടെ എല്ലാ പ്രശ്നങ്ങളെപ്പറ്റിയും വായനക്കാർ ചിന്തിക്കുകയും പ്രതികരിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ സംരംഭം വിജയിക്കുകയുള്ളുവെന്ന് എല്ലാ മാന്യവായനക്കാരെയും ഓർമ്മിപ്പിച്ചുകൊണ്ട് "പ്രത്യാശ"യുടെ 30 -ാം ലക്കം നിങ്ങൾക്കായി സമർപ്പിക്കുന്നു, - **എഡിറ്റർ**

**2.** **അംഗങ്ങളുടെ ശ്രദ്ധയ്ക്ക്:** അസ്സോസ്സിയേഷന്റെ 2010-2011 ലെ അംഗത്വഫീസ് ഇതുവരെ നൽകാത്തവർ ദയവായി Rs.200/- M.O ആയോ ലോക്കൽ ചെക്കായോ ഖജാൻജിക്ക് അയച്ചുകൊടുക്കുവാനപേക്ഷ. അയക്കേണ്ട വിലാസം – Sri. V.R. Vadhyar, 31/1834 -A Vittappa Kammath Lane, Thammanam P.O. Kochi - 682 032 (Ph: 0484 - 2337303, Mob: 9446596303) ഇങ്ങിനെ ചെയ്യാൻ ബുദ്ധിമുട്ടുള്ളവർ RBREA യുടെ S.B.T., M.G.Road, Ernakulam, SB a/c No. 67006272846 ലേക്ക് കോർ ബാങ്കിംഗ് വഴി പണമയച്ച് ഖജാൻജിയെ വിവരമറിയിക്കാവുന്നതാണ്. RBREA നിയമാവലിപ്രകാരം അംഗങ്ങൾക്ക് ലൈഫ് മെമ്പറാകുവാനുള്ള സ്വാതന്ത്ര്യമുണ്ട്. Rs.2500/- ആണ് ലൈഫ് മെമ്പർഷിപ്പ് ഫീസ്. എല്ലാവർഷവും പണം അയക്കാനുള്ള അസൗകര്യം ഇതോടെ ഒഴിവായി കിട്ടും. ഭാരവാഹികളുടെ ജോലിഭാരവും കുറയും. എന്നാൽ ഇത് അവരവരുടെ ഇഷ്ടവും സൗകര്യവും അനുസരിച്ച് മാത്രം തീരുമാനിക്കേണ്ടകാര്യമാണ്. "പ്രത്യാശ" പ്രസിദ്ധീകരണത്തിന്റെ ചെലവ് ഇതുവരെ സംഭാവനാ രൂപത്തിലാണ് സ്വീകരിച്ചിരുന്നത്. എന്നാൽ ഇനി മുതൽ വരിസംഖ്യയായി Rs.100/- അടുത്ത വർഷത്തെ അംഗത്വ ഫീസോടുകൂടി വങ്ങുന്നതാണ്. ഈ ലക്കം എല്ലാ അംഗങ്ങൾക്കും സൗജന്യമായി തപാലാക്കുന്നു. സ്ഥിരം കോപ്പി ആവശ്യമുള്ളവർ ദയവായി എഡിറ്ററെ അറിയിക്കുവാനപേക്ഷ.

3. **100% D.R.** ന്റെ പരിധി ഒക്ടോബർ 1990 മുതൽ ജനുവരി 2005 വരെ മുൻകാലപ്രാബല്യത്തോടെ സർവ്വീസ് ജീവനക്കാരുടേതിനു തുല്യമായി ഉയർത്തി കുടിശ്ശിഖ നൽകണമെന്നാവശ്യപ്പെട്ട് RBREA മുംബെക്ക് പിന്നാലെ കൊച്ചി യൂണിറ്റും 07.08.2010 ന് CGM ന് കത്തയച്ചിട്ടുണ്ട്. (copy enclosed) (Pre 01.11.2002 പെൻഷൻകാർക്ക് 01.02.2005 മുതൽ 100% D.R.നൽകാൻ 14.09.06 ന് തയ്യാറാക്കി അയച്ച ഓഫീസ് നോട്ട് 18 മാസം വച്ചു താമസിപ്പിച്ചശേഷമാണ് അന്നത്തെ D.G. 01.03.2008 മുതൽ കൊടുത്താൽ മതിയെന്ന് അവസാനം ഉത്തരവിറക്കിയത്. വിവരാവകാശ നിയമം അതിന്റെ പൂർണ്ണരൂപത്തിൽ പലരും മനസ്സിലാക്കാഞ്ഞതുകൊണ്ട് അന്ന് നിയമപ്രകാരം കിട്ടേണ്ട അവകാശങ്ങളെപ്പറ്റി വ്യക്തികളും സംഘടനകളും ബോധവാന്മാരായി രുന്നില്ല. എന്നാൽ ഇന്നതല്ല സ്ഥിതി. 22 പേർ കൊച്ചിയിൽ നിന്നുമയച്ച വക്കീൽ നോട്ടീസ് 37 മാസത്തെ കുടിശ്ശിഖ നൽകുവാൻ ബാങ്കിനെ പ്രേരിപ്പിക്കുകയാണുണ്ടായത്.) ന്യായമായ ഒരു കാലയളവിനുള്ളിൽ മേല്പറഞ്ഞ കുടിശ്ശിഖ നമുക്കനുവദിച്ചുകിട്ടാതെ വന്നാൽ നിയമ നടപടികളെടുക്കേണ്ടിവന്നേക്കാം - പ്രശ്നം നിയമവകുപ്പിന് refer ചെയ്തതായി അറിയുന്നു.

4. **പുതിയ മെംബേഴ്സ് ഡയറക്ടറി**: ജൂൺ 30 ലെ കമ്മിറ്റി തീരുമാനപ്രകാരം അംഗങ്ങളെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളും ഫോട്ടോയും ഉൾപ്പെടെ ഡയറക്ടറി പുതുക്കുന്ന ജോലികൾ ആരംഭിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും ഇതോടൊപ്പം അയക്കുന്ന ബയോഡാറ്റ ഫോറം പൂരിപ്പിച്ച് ഒരു സ്റ്റാമ്പ് സൈസ് ഫോട്ടോ സഹിതം ഒക്ടോബർ 30 നകം മടക്കി അയക്കണമെന്ന് അപേക്ഷിക്കുന്നു.

5. **01.11.2002 മുതലുള്ള അപ്ഡേഷൻ:** ബാങ്കിന്റെ റോൾ ബാക്ക് സർക്കുലർ റദ്ദാക്കി പിടിച്ച തുക മടക്കിക്കൊടുത്ത് പരിഷ്കരിച്ച പെൻഷൻ നിലനിർത്തുവാൻ ബോംബേ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിലും സർക്കാരിന്റെ സ്പീക്കിംഗ് ഓർഡറിനെ തുടർന്ന് ഫയൽചെയ്ത ഹർജി സ്വീകരിച്ചുകൊണ്ട് മേല്പറഞ്ഞ സ്ഥിതി അനിശ്ചിതകാലത്തേക്ക് തുടരുവാനുള്ള സ്റ്റേ ഉത്തരവിന്റെ പാശ്ചാത്തലത്തിലും R.B.I. ആക്ട് ഏഴാം ഖണ്ഡികപ്രകാരമുള്ള ഉത്തരവൊന്നും ഇക്കാര്യത്തിൽ നൽകിയിട്ടില്ലെന്ന് സർക്കാർ സ്പീക്കിംങ് ഓർഡറിൽ വ്യക്തമാക്കിയതിനാലും 01.11.2002 മുതലുള്ള അപ്ഡേഷൻ നടപ്പാക്കാൻ ബാങ്കിന് ഇനി യാതൊരു നിയമ തടസ്സവുമില്ല. ഈ ആവശ്യം ഉന്നയിച്ച് ആഗസ്റ്റ് 2 ന് AIRBREA യും ജൂൺ 8 ജൂലൈ 9 എന്നീ തീയതികളിൽ മുംബൈ യൂണിറ്റും 12.08.2010 ന് കൊച്ചി യൂണിറ്റും ബാങ്കിന് കത്തയച്ചിട്ടുണ്ട്. 01.11.2002 ന് ശമ്പളവർദ്ധന പ്രാബല്യത്തിൽ വന്നപ്പോൾ അതിന് മുമ്പ് വിരമിച്ചവർക്ക് Next below rule ന്റെ അടിസ്ഥാനത്തിൽ പെൻഷൻ പുനർനിർണ്ണയിക്കേണ്ടതുണ്ടെന്ന് ചൂണ്ടിക്കാട്ടി 29.07.2010 ന് മുംബൈ യൂണിറ്റ് C.G.M. ന് കത്തയച്ചിട്ടുണ്ട്. 01.11.2007 മുതലുള്ള ശമ്പളവർദ്ധന പ്രശ്നം കൂടുതൽ സങ്കീർണ്ണമാക്കിയിട്ടുണ്ട്

6. **സർക്കാറിന്റെ ഇരട്ടത്താപ്പ് നയം, R.T.I. Act പ്രകാരം ചോദ്യം:**

പെൻഷൻകാർക്ക് Notional ആയി അപ്ഡേഷൻ നൽകുവാൻ 2001 ൽ L.I.C. ബോർഡിന്റെ തീരുമാനം സർക്കാർ അംഗീകാരത്തിനായി L.I.C. അയച്ചുവെങ്കിലും 9 വർഷം അംഗീകാരം നൽകാതെ വച്ചശേഷം 2010 ൽ രാജസ്ഥാൻ ഹൈക്കോടതിയിൽ L.I.C ക്ക് ഈ വിഷയത്തിൽ സ്വയം തീരുമാനമെടുക്കാമെന്ന് കേന്ദ്രം ബോധിപ്പിച്ചു. L.I.C Act പ്രകാരം അംഗീകാരം ആവശ്യമില്ലത്രേ. എന്നാൽ ഇതേ സാഹചര്യത്തിൽ അംഗീകാരം നേടാതെ R.B.I യിൽ നടത്തിയ അപ്ഡേഷനെ ചോദ്യം ചെയ്ത സർക്കാർ നടപടി ഇരട്ടത്താപ്പ് നയമല്ലേയെന്നും അതിനു കാരണമെന്തെന്നും R.T.I. Act പ്രകാരം ശ്രീ.P.R.R.നായർ ചോദിച്ചതിന് സർക്കാർ പ്രതികരണം വിചിത്രം. "Information sought by you is vague and ambiguous" എന്നായിരുന്നു ആദ്യത്തെ

മറുപടി. വിടാതെ പിന്തുടർന്ന ശ്രീ.നായർക്ക് കിട്ടിയ രണ്ടാമത്തെ കത്തിൽ L.I.C. പെൻഷൻ പദ്ധതിയും D.R.ഫോർമുലയും ഒരുപേജ് മുഴുവൻ വിശദീകരിക്കുകയും R.B.I. ഒരു ബാങ്കിംങ് റെഗുലേറ്ററാണെന്നും L.I.C. ഒരു Commercial entity in Insurance sector ആണെന്നും ഇവ രണ്ടും സ്വതന്ത്ര പൊതുമേഖലാ സ്ഥാപനങ്ങളാണെന്നും നമുക്കാർക്കും ഇതൊന്നുമറിയാത്തതു പോലെ എഴുതി അറിയിക്കുകയുമാണ് ചെയ്തത്. കൂട്ടത്തിൽ "L.I.C has informed that they are taking steps to file an appeal in this case" എന്നുമെഴുതിയിരുന്നു. L.I.C അപ്പീൽ പോകുന്നോ എന്നായിരുന്നില്ല ചോദ്യം. സർക്കാരിന്റെ ഇരട്ടത്താപ്പ് നയത്തിനാണ് ഉത്തരം വേണ്ടത്. L.I.C യുടെ തന്നെ തീരുമാനത്തിൽ സർക്കാരിന് എതിർപ്പില്ലെന്ന് പറയുകയും കോടതി അത് നടപ്പാക്കാൻ ഉത്തരവിടുകയും ചെയ്ത സാഹചര്യത്തിൽ എന്തുപറഞ്ഞാണ് L.I.C. അപ്പീൽ പോകുക. സാമാന്യബുദ്ധിയുള്ള ആർക്കും ഇത് വിശ്വസിക്കാനാവാത്തതുകൊണ്ട് L.I.C.യുടെ കത്തിന്റെ കോപ്പിയോ അതല്ല informal ആയിട്ടാണീ വിവരം അറിഞ്ഞതെങ്കിൽ അതിന്റെ "Precise source viz the name & other details of the person or persons on whom the Govt relies for the information together with copy of the note recorded in the Ministry regarding receipt of the information" ചോദിച്ച് 10 ക വീണ്ടുമടച്ച് ശ്രീ.നായർ കത്തയച്ചിരിക്കയാണ്.

7. <u>**അഖിലേന്ത്യാ സംഘടനയുടെ അംഗീകാരം**</u>: AIRBREA യെ ബാങ്ക് ഇതുവരെ അംഗീകരിച്ചിട്ടില്ല എന്നത് നമുക്കെല്ലാമറിയാം. 15.06.2009 ലെ ഹിത്ഗുജിൽ അംഗീകാരം ആവശ്യപ്പെട്ട് സംഘടന ബാങ്കിന് കത്തെഴുതിയിട്ടുണ്ടെന്ന് പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്മേൽ ബാങ്ക് എന്ത് നടപടി എടുത്തുവെന്ന് R.T.I. നിയമപ്രകാരം "പ്രത്യാശ" ചോദിച്ചപ്പോൾ അങ്ങിനെയൊരു കത്ത് ലഭിച്ചിട്ടില്ലെന്നും കോപ്പി കൈവശമുണ്ടെങ്കിൽ അയച്ചുതരണമെന്നുമാണ് ബാങ്കിന്റെ മറുപടി. കത്തിന്റെ പകർപ്പ് ആവശ്യപ്പെട്ട് AIRBREA ക്ക് "പ്രത്യാശ" 19.07.2010 ന് എഴുതിയ കത്തിന് ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

8. <u>**R.B.I.യിലെ ശമ്പള പരിഷ്കരണം**</u>: 01.11.2007 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പള സ്കെയിലുകൾ: Grade F 60600 to 67000, E 42300 to 52000, D 39850 to 46150, C 28350 to 41400, B 21000 to 36400, A 17100 to 33200, Class III - 8040 to 20100 (Assisstants) Class IV - 6000 to 13750 സ്പെഷ്യൽ പേ മുതലായവയും മറ്റുപല അലവൻസുകളും പുറമേ. 1960 - 100 സൂചികയിൽ 2836 വരെ ലയിപ്പിച്ച് അതിനുമുകളിൽ എല്ലാ 4 പോയിന്റിനും 0.15% ആണ് D.A. ഇപ്പോൾ 40.80% നവംബർ ശമ്പളത്തിൽ വർദ്ധന നടപ്പാക്കുമെന്നും ഡിസംബറിൽ കുടിശ്ശിഖ നൽകുമെന്നും അറിയുന്നു.

9. <u>**Annual Medical Check up Allowance**</u>: ഇപ്പോൾ ഈ അലവൻസ് പല ഓഫീസുകളിലും പല തീയതികളിലായാണ് നമ്മുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നത്. കൊച്ചിയിൽ ജൂലൈ 23 ന് നൽകിയപ്പോൾ തിരുവനന്തപുരത്ത് ഓഗസ്റ്റിലാണ് നൽകിയത്. മുംബൈ സംഘടനയുടെ ഇടപെടലിനെ തുടർന്ന് എല്ലാവർഷവും ജൂലൈ മാസത്തേ പെൻഷന്റെ കൂടെ ഈ തുക നൽകുവാൻ ബാങ്ക് ഇപ്പോൾ തീരുമാനിച്ചുവെന്ന് 15.08.2010 ലെ ഹിത്ത്ഗുജ് ബുള്ളറ്റിൻ റിപ്പോർട്ട് ചെയ്യുന്നു.

10. <u>**Annual Health Check up**</u>: വാർഷിക മെഡിക്കൽ പരിശോധനയുടെ ബില്ലുകൾ ബാങ്ക് ആവശ്യപ്പെടുന്നില്ലെങ്കിലും സ്വന്തം ആരോഗ്യ സംരക്ഷണത്തിനും ദീർഘായുസ്സിനും മെഡിക്കൽ പരിശോധനക്ക് സ്വമേധയാ വിധേയരാകേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. Prevention is better than cure എന്നാണല്ലോ പഴമൊഴി. മുംബൈയിൽ അപ്പോളോ ക്ലിനിക്കുമായി അവിടത്തെ സംഘടന ഗ്രൂപ്പ് മെഡിക്കൽ ചെക്കപ്പിന് ഏർപ്പാട് ചെയ്തിട്ടുണ്ട്. കൊച്ചിയിൽ RBREA

ഡി.ഡി.പിറമേലുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ട്. തിരുവനന്തപുരത്ത് RBI അംഗീകരിച്ച ലാബറട്ടറിയും ഇവർ തന്നെയാണ്. ധാരണ പ്രകാരം കേരളത്തിലെ അവരുടെ 55 ശാഖകളിലും (List enclosed) താഴെ കാണുന്ന പരിശോധനകൾ 2 പാക്കേജുകളിലായി അവർ ചെയ്യുന്നതാണ്. R.B.I. Retired Employees Package I : HB, FBS or RBS, LIPID Profile, Urea, Creatinine, Urine Routine exam, ECG ALL LEADS, LIVER Function Test Rs. 700/-, Package II : FBS or RBS, Lipid Profile, Urea, Creatinine, Uric Acid, Urine analysis, ECG, X-ray Chest, Liver function test Rs.925/- മുപ്പത് ശതമാനം ഡിസ്കൗണ്ട് അനുവദിച്ചശേഷമുള്ള തുകയാണ് മേല്പറഞ്ഞവ. ആവശ്യപ്രകാരം മറ്റുപരിശോധനകൾക്കും ഡിസ്കൗണ്ട് ലഭിക്കും. ഫലം ലാബിലെ ഡോക്ടർ പഠിച്ച് കൂടുതൽ പരിധോധനകൾ ആവശ്യമുണ്ടോ എന്ന് അംഗങ്ങളെ ഉപദേശിക്കുകയും ചെയ്യും. കൊച്ചിയിൽ മനോരമക്ക് സമീപം S.A.റോഡിലും ജനറൽ ആശുപത്രിക്ക് പിറകിലും ഉള്ള ശാഖകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. തിരിച്ചറിയലിനായി R.B.I. I.D.Card കാണിക്കണം. അംഗങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു.

**11.** **<u>M.A.F.</u>:** TTK ക്ക് പകരം 15.08.2010 മുതൽ M.D.India Health Care Services (T.P.A.) Private Ltd., Kasim Lane, (Opp.RBI) Kaloor, Kochi - 17 നെ പുതിയ TPA ആയി നിയമിച്ചു. പുതിയ ID കാർഡ് അവരിൽനിന്നും ഇതിനകം എല്ലാവർക്കും ലഭിച്ചിരിക്കും. ലഭിക്കാത്തവർ 0484- 2401327, 1337 എന്നീ നമ്പരുകളിൽ വിളിച്ചന്വേഷിക്കണം. സെക്രട്ടറി ശ്രീ.അബ്ദുൾസലാം അവരുടെ ഓഫീസ് സന്ദർശിച്ച് നമ്മുടെ പ്രശ്നങ്ങളും പ്രതീക്ഷകളും അവരുമായി ചർച്ച ചെയ്തിട്ടുണ്ട്. ക്ലെയിം ഫോറവും നെറ്റ്വർക്ക് ആശുപത്രികളുടെ ലിസ്റ്റും ഇതോടൊപ്പം അയക്കുന്നു. ക്യാഷ്ലെസ് ചികിത്സക്ക് മാത്രമാണ് ഈ ലിസ്റ്റ് ബാധകം. റിയിം ബഴ്സ്മെന്റ് അടിസ്ഥാനത്തിൽ മറ്റാസ്പത്രികളിൽ ചികിത്സ അനുവദനീയമാണ്. കൊച്ചിയിലെ ചില പ്രമുഖ ആശുപത്രികൾ ലിസ്റ്റിൽ ഇല്ല. അവരൊന്നും ക്യാഷ്ലെസ്സിന് താല്പര്യം കാണിക്കുന്നില്ലെന്നാണ് MD India പറയുന്നത്. ഇതേ തുടർന്ന് സെക്രട്ടറി മെഡിക്കൽ ട്രസ്റ്റ് അധികൃതരുമായി ചർച്ച നടത്തിയെങ്കിലും പ്രയോജനമുണ്ടായില്ല. കിടത്തി ചികിത്സക്ക് അടിയന്തിര ധനസഹായം വേണ്ട സന്ദർഭങ്ങളിൽ അംഗങ്ങൾക്ക് Rs.1 ലക്ഷം വരെ ഹ്രസ്വകാലവായ്പ ലഭ്യമാക്കുവാനുള്ള ഒരു എമർജൻസി ഫണ്ടിനുവേണ്ടി മാനേജിംങ് കമ്മിറ്റി അംഗീകരിച്ച കരട് നിയമാവലി ഇതോടൊപ്പം അയക്കുന്നു. ഇക്കാര്യത്തിൽ വേണ്ട നിയമോപദേശത്തിനും TPA യുടെ സമ്മതത്തിനും ശ്രമിക്കുന്നുണ്ട്. ഇതിനിടയിൽ അംഗങ്ങളുടെ അഭിപ്രായങ്ങളും പദ്ധതിയിൽ ചേരുവാൻ ആഗ്രഹമുണ്ടോ എന്ന വിവരവും ദയവായി സെക്രട്ടറിയെ അറിയിക്കുക. സർവേയുടെ ഫലം തൃപ്തികരമല്ലെങ്കിൽ തുടർ നടപടികൾ തൽക്കാലം മാറ്റിവയ്ക്കുന്നതായിരിക്കും.

**12.** **<u>OBITUARY</u>:** We deeply regret to inform our readers about the sad demise of our member Shri. C.Harikumar (Retd.E.D.) on 19.08.2010 in Kochi. We send our heartfelt condolences to the members of the bereaved family.

Editor: K.G.K.Pillai, Ph: 0484 – 2204230, 9447055230

Associate Editors Ex-Officio : N.R.Pillai, Ph: 0484 – 3912943, 9447019919 K.M.Abdul Salam, 0484 - 2539596, 9447161746

*വിവരങ്ങൾക്ക് കടപ്പാട് – ശ്രീ. P.R.R. Nayar*